**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അരീക്കോട് ഉപജില്ല സ്കൂൾ കലോത്സവം - ഉപജില്ല പരിധിയിൽ വരുന്ന അരീക്കോട്, കിഴുപറമ്പ്, ഊർങ്ങാട്ടിരി, എടവണ്ണ, കാവനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3739/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 22/11/2017

---

പരാമർശം:- 1. അരീക്കോട് ഉപജില്ലാ കേരള സ്കൂൾ കലോത്സവ ജനറൽ കൺവീനറുടെ 26/10/2017 ലെ കത്ത്.

2. ശ്രീ. പി.കെ. ബഷീർ എം.എൽ.എ യുടെ 23/10/2017 ലെ കത്ത്.

3. സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

അരീക്കോട് ഉപജില്ലാ സ്കൂൾ കലോത്സവം 2017 നവംബർ 25,27,28 തീയതികളിലായി അരീക്കോട് ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടക്കുകയാണെന്നും, ടി മേളയുടെ സംഘാടന ചെലവുകൾക്ക് അരീക്കോട് ഉപജില്ലയിലെ അരീക്കോട്, കിഴുപറമ്പ്, ഊർങ്ങാട്ടിരി, എടവണ്ണ, കാവനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1), (2) കത്തുകൾ പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 നവംബർ 25,27,28 തീയതികളിലായി അരീക്കോട് ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടക്കുന്ന അരീക്കോട് ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ സംഘാടന ചെലവുകൾക്കായി അരീക്കോട് ഉപജില്ലയിലെ അരീക്കോട്, കിഴുപറമ്പ്, ഊർങ്ങാട്ടിരി, എടവണ്ണ, കാവനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 25,000/- (ഇരുപത്തയ്യായിരം) രൂപ വീതം സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (3) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അരീക്കോട് ഉപജില്ല സ്കൂൾ കലോത്സവ ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അരീക്കോട്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ